(ജി) മദ്യത്തിന് വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; കമ്പനിയിൽ എത്ര; ശതമാനം ലാഭത്തിനാണ് വില നിശ്ചയിക്കുന്നത്;

(എച്ച്) ഈ വർഷം 15–8–1985 വരെ ഡ്യൂട്ടി ഇനത്തിൽ കോർപ്പറേഷന്റെ വരുമാനം എത്രയാണ്;

(ഐ) ഡ്യൂട്ടി വ്യാജസീൽ അടിച്ചുവെന്നുള്ളതിന്റെ പേരിൽ കഴിഞ്ഞ വർഷമോ ഈ വർഷമോ കേസുകൾ പിടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര:

(ജെ) അതിൽ ആരെല്ലാമാണ് പ്രതികൾ;

(കെ) കളവായി ഡ്യൂട്ടി സീൽ ഉണ്ടാക്കി മദ്യം വിൽക്കുന്നുവെന്നുള്ള വസ്തുത കണക്കിലെടുത്ത് സംസ്ഥാനത്തെ പ്രധാനപ്പെട്ട മദ്യകടകളിലെല്ലാം കർശന പരിശോധന സമ്പ്രദായം നടപ്പിലാക്കുവാൻ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) 15–8–1985 വരെ 14,16,853 കെയിസ് വിദേശ മദ്യവും 7,00,615 കെയിസ് ബീയറും വാങ്ങിയിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വില അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ഡി) ഉണ്ട്.

(ഇ) തുക അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(എഫ്) ഇല്ല.

(ജി) ടെൻഡറിലൂടെയും മദ്യ ഉൽപ്പാദകരുമായുള്ള വില പേശലിലൂടെയുമാണ് മദ്യത്തിന്റെ വില നിശ്ചയിക്കുന്നത്. 10% ലാഭത്തിനാണ് വില നിശ്ചയിക്കുന്നത്.

(എച്ച്) ഡ്യൂട്ടി ഇനത്തിൽ കോർപ്പറേഷന് വരുമാനം ഒന്നും തന്നെയില്ല.

(ഐ) കേസുകൾ ഒന്നുംതന്നെ എടുത്തിട്ടില്ല.

(ജെ) ചോദ്യം ഉദിക്കുന്നില്ല.

(കെ) വ്യാജ സീൽ ഉണ്ടാക്കി മദ്യം വിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

പീരുമേട് ഒറയിഞ്ചിലെ ചാരായ ഷാപ്പുകളുടെ ലേലം

445 [794] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എ) പീരുമേട്ട് റെയിഞ്ചിൽ എല്ലാ ചാരായഷാപ്പുകളും മൊത്തമായി ലേലം ചെയ്യുന്നതിന്റെ കാരണമെന്താണ്;

(ബി) ഓരോന്നായി ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റെയിഞ്ചിലെ എല്ലാ ഷാപ്പുകളും മൊത്തമായിട്ടല്ല ലേലം ചെയ്യുന്നത്. ആകെ ഒൻപത് ഷാപ്പുള്ളത് രണ്ട് ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പും പ്രത്യേകമായിട്ടാണ് ലേലം ചെയ്തിരിക്കുന്നത്.

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

പീരുമേട്ട് റെയിഞ്ചിലെ ചാരായഷാപ്പുകൾ

446 [795] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ട് റെയിഞ്ചിൽ എത്ര ചാരായ ഷാപ്പുകൾ ഉണ്ട്;

(ബി) അവ ഏതെല്ലാം;

(സി) ഓരോ ഷാപ്പുകൾക്കും എത്ര ഉപഷാപ്പുകൾ വീതമുണ്ട്;

(ഡി) അവ ഏതെല്ലാം?

ഉത്തരം

(എ) ഒൻപത്.

(ബി) 1. ഏലപ്പാറ
2. അഴുത
3. വാഗമൺ
4. കാറാടിക്കവല
5. റോപ്പുവേകവല
6. പള്ളിക്കുന്ന്
7. താന്നിമൂട്
8. കുട്ടിക്കാനം
9. കരിന്തിരി (ചപ്പാത്ത്)

(സി) 1. ഏലപ്പാറ — രണ്ട്
2. അഴുത — ഇല്ല.
3. വാഗമൺ — മൂന്ന്
4. കാറാടിക്കവല — ഇല്ല
5. റോപ്പുവേക്കവല — ഒന്ന്
6. പള്ളിക്കുന്ന് — ഇല്ല
7. താന്നിമൂട് — ഇല്ല
8. കുട്ടിക്കാനം — ഒന്ന്
9. കരിന്തിരി (ചപ്പാത്ത്) — ഇല്ല

GPM. 2/490/08

LIBRARY ARCHIVES Kerala Legislative Assembly